# 35

എൻ പ്രിയനെന്തു മനോഹരനാം
തൻപാദം എന്നുമെന്നാശ്രയമാം
ആനന്ദമായ് അവനനുദിനവും
ആമയമകററി നടത്തുമെന്നെ

1. ശാരോൻ പനിനീർ കുസുമമവൻ
താഴ്വരകളിലെ താമരയും
മധുരഫലം തരും നാരകമാം
തൻ നിഴലതിലെൻ താമസമാം     എൻ

2. ഉലകക്കൊടും വെയിൽ കൊണ്ടതിനാൽ
ഇരുൾ നിറമായെനിക്കെങ്കിലും താൻ
തള്ളുകയില്ലെന്നെ തിരുകൃപയാൽ
തന്നരമനയിൽ ചേർക്കുകയായ്     എൻ

3. മാററമില്ലാ കൃപ നിറഞ്ഞവനായ്
മറെറാരു രക്ഷകനില്ലിതുപോൽ
മരുവിടമാമീ ഭൂമിയിൽ തൻ
മാറിൽ ചാരി ഞാനാശ്വസിക്കും     എൻ